നമ്പർ 158/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ 106/2008-ാം നമ്പർ കല്പനപ്രകാരം മേൽപ്പട്ടസ്ഥാനത്തേക്ക് ഏഴുപേരെ തെരഞ്ഞെടുക്കുവാനായി 2008 സെപ്റ്റംബർ 11-ാം തീയതി പാമ്പാക്കുടയിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ സമ്മേളിക്കുകയാണല്ലോ. മേൽപ്പട്ടസ്ഥാന തെരഞ്ഞെടുപ്പ് സംബന്ധിച്ച് 2007 ഡിസംബർ 6 -ാം തീയതി സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതും, 2008 ഫെബ്രുവരി മാസം 20-ാം തീയതി സമ്മേളിച്ച അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി സഹർഷം സ്വാഗതം ചെയ്തതുമായ **എപ്പിസ്കോപ്പാസ്ഥാനികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും** അനുസരിച്ചായിരിക്കും തെരഞ്ഞെടുപ്പ് നടത്തുന്നത്. പ്രസ്തുത മാനദണ്ഡങ്ങളുടെ ഒരു കോപ്പി ഇതോടൊന്നിച്ച് വയ്ക്കുന്നു. സഭാംഗങ്ങളുടെ അറിവിലേക്കായി ഇത് ദേവാലയങ്ങളിൽ വായിക്കുകയും, നോട്ടീസ് ബോർഡിൽ പതിപ്പിക്കുകയും വേണം. അസ്സോസിയേഷന്റെ അനുഗ്രഹകരമായ നടത്തിപ്പിനുവേണ്ടി ഏവരും പ്രാർത്ഥിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.**

2008 മെയ് മാസം 12 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.